പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2012 10.10.2011 - ൽ മറുപടിക്ക്

## അനധികൃത നഴ്സിംഗ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | അംഗീകാരമില്ലാതെ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഡിപ്ലോമാ, ഡിഗ്രി, പി.ജി. ഡിഗ്രി കോഴ്സുകളാണ് നേഴ്സിംഗ് കൗൺസിലിന്റെയും പാരാമെഡിക്കൽ കൗൺസിലിന്റെയും അംഗീകാരത്തോടെ നടത്തുന്നത്. ഈ കോഴ്സുകൾ അംഗീകാരമില്ലാതെ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബന്ധപ്പെട്ട കൗൺസിലുകളുടെ അംഗീകാരം ആവശ്യമില്ലാത്ത ചില കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പുതിയ നിയമനിർമ്മാണത്തിലൂടെ മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (സി) | വേണ്ടവിധം പരിശീലനം ലഭിക്കാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നേടിയവർ വ്യാപകമായി നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി & ഡി) | അംഗീകാരമില്ലാത്ത കോഴ്സ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ബന്ധപ്പെട്ട കൗൺസിലുകൾ രജിസ്ട്രേഷൻ നൽകുന്നില്ല. രജിസ്ട്രേഷൻ ഇല്ലാതെ ബന്ധപ്പെട്ട തസ്തികകളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വേണ്ടത്ര സൗകര്യങ്ങളോ പരിശീലനം ലഭിച്ച ടെക്നീഷ്യൻസോ ഇല്ലാതെ പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ നിന്ന് തെറ്റായ പരിശോധനാ ഫലം നൽകുന്നതു മൂലമുള്ള ഭവിഷ്യത്തുകളെ ഗൗരവമായി കാണുമോ ? | | |

സെക്ഷൻ ഓഫീസർ